# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ഐ.എ.വൈ. പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2955

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഐ.എ.വൈ. ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ വിഹിതമായി എത്ര തുക നൽകുന്നു; | (എ) | ഇന്ദിര ആവാസ് യോജന വീടുകളുടെ സർക്കാർ സഹായം പട്ടിക ജാതി/ ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷവും പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷവും ആയി 15.09.2011 മുതൽ ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. 2013-14 മുതൽ ഇന്ദിര ആവാസ് യോജന വിഹിതത്തിൽ 70,000/-രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ കണ്ടെത്തുന്നു. ബാക്കി തുക അധിക സാമ്പത്തിക സഹായമായി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ കണ്ടെത്തുന്നു. |
| (ബി) | പ്രസ്തുത തുക സമയബന്ധിതമായി നൽകാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കാതെ വിഷമതകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തുക വർദ്ധനവ് മുഖേനയുള്ള അധിക ബാധ്യത യഥാ സമയം കണ്ടെത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതിനാലാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വിഷമതകൾ നേരിട്ടത്. ഇതു പരിഹരിക്കുന്ന തിനായി 2011-12, 2012-13 ലേയും ഗുണഭോക്താക്കൾക്ക് വീടൊന്നിന് 75,000/- രൂപ വീതം അധികമായി സർക്കാർ നൽകിവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കും? | (സി) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം 2013-14 ൽ ഇന്ദിര ആവാസ് യോജന കേന്ദ്ര - സംസ്ഥാന വിഹിതം 48,500/ രൂപയിൽ നിന്നും 70,000/ രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയത് കിഴിച്ചുള്ള അധിക സാമ്പത്തിക സഹായം ത്രിതല പഞ്ചായത്തുകൾ 25:50:25 (ഗ്രാമ/ബ്ലോക്ക്/ജില്ല) എന്ന അനുപാതത്തിൽ കണ്ടെത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ